# സ്കൂൾ വാർത്ത

കുട്ടികളുടെ പത്രം ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂൾ ഫോർ ഗേൾസ്, കാസർകോട്. പരവനടുക്കം, 2009 നവമ്പർ 26 - ലക്കം 2

## രമ്യശ്രീക്ക് ഇരട്ട വിജയം



കൊളത്തൂർ : സഹോദരൻ പഠിക്കുന്ന വിദ്യാലയ മുറ്റത്ത് രമ്യശ്രീ ഇരട്ട വിജയം നേടി. എം ആർ എസിന്റെ പ്രതിനിധിയായി കൊളത്തൂർ ഗവ. യു. പി സ്കൂൾ മൈതാനിയിലിറങ്ങിയ രമ്യശ്രീ ജൂനിയർ പെൺകുട്ടികളുടെ മൂവായിരം മീറ്റർ ഓട്ട മത്സരത്തിൽ ഒന്നാം സമ്മാനം നേടിയപ്പോൾ ക്രോസ് കൺട്രിയിൽ രണ്ടാം സ്ഥാനക്കാരിയുമായി. ജി എം ആർ എസ് ഫോർ ഗേൾസിലെ ഒമ്പതാം തരം വിദ്യാർഥിനിയായ രമ്യശ്രീ.കെ. കലാരംഗത്തും പ്രതിഭ തെളിയിച്ചിട്ടുണ്ട്.

## ഉപജില്ലാ കായിക മേള വിജയികൾ



അൻസൽന കെ എസ്.
മൂവായിരം മീറ്റർ
ജൂനിയർ ഗേൾസ്
മൂന്നാം സ്ഥാനം



ബിന്ദു എ
ലോങ് ജംപ്
കിഡ്ഡീസ് ഗേൾസ്
മൂന്നാം സ്ഥാനം



ശാലിനി എസ്
ജാവലിൻ ത്രോ
ജൂനിയർ
മൂന്നാം സ്ഥാനം

## എതിരാളികളില്ലാതെ ക്രോസ് കൺട്രി

കൊളത്തൂർ : ഉപ ജില്ലാ സ്കൂൾ കായിക മേളയിൽ ക്രോസ് കൺട്രി മത്സരത്തിൽ ആദ്യ രണ്ട് സ്ഥാനവും എം ആർ എസി ന് സ്വന്തം. ഈയിനത്തിൽ പ്ലസ് വണ്ണിലെ നീതു ചേന്നപ്പൊയിൽ ഒന്നാം സ്ഥാനം നേടിയപ്പോൾ ഒമ്പതാം തരത്തിലെ രമ്യശ്രീ രണ്ടാം സ്ഥാനക്കാരിയായി.

### മത്സരിച്ച മൂന്നിനങ്ങളിലും സമ്മാനം

## നീതു തന്നെ താരം



കൊളത്തൂർ : മത്സരിച്ച മൂന്നിനങ്ങളിലും സമ്മാനിതയായി ഉപ ജില്ലാ സ്കൂൾ കായിക മേളയിൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂളിനെ പ്രതിനിധീകരിച്ച നീതു ചേന്നപ്പൊയിൽ സ്കൂളിന്റെ അഭിമാനമായി. ഒരു ഒന്നാം സ്ഥാനവും രണ്ട് മൂന്നാം സ്ഥാനങ്ങളുമാണ് നിതു നേടിയത്. പതിനൊന്നാം ക്ലാസ് വിദ്യാർഥിനിയായ നീതു സീനിയർ വിഭാഗം പെൺകുട്ടികളുടെ ക്രോസ് കൺട്രി മത്സരത്തിൽ ഒന്നാം സ്ഥാനം നേടി. അയ്യായിരം മീറ്റർ, 1500മീറ്റർ ഓട്ട മത്സരങ്ങളിൽ ഈ പ്രതിഭ മൂന്നാം സ്ഥാനം നേടി.

## സിജി മോൾക്കും ഇരട്ട വിജയം



കൊളത്തൂർ : സിജി മോൾ എ കെയും മത്സരിച്ച രണ്ടിനങ്ങളിൽ സമ്മാനം നേടി. സീനിയർ പെൺകുട്ടികളുടെ എണ്ണൂറ് മീറ്റർ, മൂവായിരം മീറ്റർ ഓട്ട മത്സരങ്ങളിൽ മൂന്നാം സ്ഥാനമാണ് പ്ലസ് വൺ വിദ്യാർഥിനിയായ സിജി മോൾ നേടിയത്.

## 600 മീറ്ററിൽ ശിവപ്രിയ



കൊളത്തൂർ : ഉപ ജില്ലാ സ്കൂൾ കായിക മേളയിൽ അറുനൂറു മീറ്റർ ഓട്ട മത്സരത്തിൽ ജി എം ആർ എസ് ഫോർ ഗേൾസിലെ ശിവപ്രിയ കെ ഒന്നാം സ്ഥാനം നേടി. എട്ടാം തരം വിദ്യാർഥിനിയാണ്.

## വിജയികൾക്ക് അനുമോദനം

പരവനടുക്കം : ഉപ ജില്ലാ സ്കൂൾ കലോത്സവം, കായിക മേള എന്നിവയിൽ വിജയികളായ വിദ്യാർഥിനികളെ ഹെഡ്മിസ്ട്രസ് ശ്രീമതി ടി വി കാർത്യായനി ടീച്ചർ, പ്രിൻസിപ്പാൾ ശ്രീ ദിവാകരൻ സാർ, സൂപ്രണ്ട് ശ്രീ പി ടി അനന്ദ കൃഷ്ണൻ സാർ എന്നിവർ അനുമോദിച്ചു. ഇനിയുള്ള മത്സരങ്ങളിലും നമ്മുടെ സ്കൂളിന്റെ യശസ്സ് ഉയർത്താൻ കുട്ടികൾക്കാവട്ടെ എന്ന് മൂവരും ആശംസിച്ചു,

## സ്കൂൾ വിക്കി തയ്യാറായി

പരവനടുക്കം : ഐ റ്റി അറ്റ് സ്കൂളിന്റെ സഹകരണത്തോടെ തയ്യാറാക്കിയ സ്കൂൾ വിക്കിയിൽ എം ആർ എസിന്റെ പേജ് തയ്യാറായി. സ്കൂളിനെക്കുറിച്ചുള്ള മുഴുവൻ വിവരങ്ങളും വിക്കി പേജിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.